എൽ.ഡി. ക്ലാർക്കുമാരുടെ റാങ്ക്‌ലിസ്റ്റ്

15 [19] ശ്രീ. കെ. മുസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്കുമാരുടെ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനുവേണ്ടി— കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അവസാനമായി തയ്യാറാക്കിയ റാങ്ക്‌ലിസ്റ്റിൽ നിന്നും 1986 മേയ് 31 വരെ ഓരോ ജില്ലയിലും നടന്ന നിയമനങ്ങളെത്ര;

(ബി) ഈ ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പത്തനംതിട്ട, കാസർകോട് എന്നീ ജില്ലകൾക്ക് എൽ.ഡി. ക്ലാർക്കുമാരുടെ റാങ്ക്‌ലിസ്റ്റ് നിലവിലില്ല.

തിരുവനന്തപുരം ജില്ല ഒഴികെ മറ്റുള്ള ജില്ലകൾക്കുവേണ്ടി കമ്മീഷൻ അവസാനമായി തയ്യാറാക്കിയ റാങ്ക്‌ലിസ്റ്റിൽ നിന്നും 1986 മേയ് 16 വരെ നടന്ന നിയമനങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	നിയമനം ലഭിച്ചവരുടെ എണ്ണം
കൊല്ലം	647
ആലപ്പുഴ	720
കോട്ടയം	501
ഇടുക്കി	935
എറണാകുളം	822
തൃശ്ശൂർ	815
പാലക്കാട്	906
മലപ്പുറം	935
കോഴിക്കോട്	833
വയനാട്	1706
കണ്ണൂർ	1308

തിരുവനന്തപുരം ജില്ലയിലെ ലിസ്റ്റിൽ നിന്നും 31-5-1986 വരെ 1284 പേരെ നിയമിക്കുകയുണ്ടായി.

വയനാടുജില്ലയിലെ റാങ്ക്‌ലിസ്റ്റിൽ നിന്ന് 17-5-1986 മുതൽ 31-5-1986 വരെ നിയമിച്ചവരുടെ വിവരം ശേഖരിച്ചുവരികയാണ്.

(ബി) തിരുവനന്തപുരം ജില്ലയിലേത് 5-6-1986-ലും വയനാട് ജില്ല ഒഴികെ മറ്റുള്ള ജില്ലകളിലേത് 18-5-1986-ലും അവസാനിച്ചു കഴിഞ്ഞു. വയനാടു ജില്ലയിലേക്കുള്ള റാങ്ക്‌ലിസ്റ്റിന്റെ കാലാവധി 14-12-1986-ൽ അവസാനിക്കും. എന്നാൽ കണ്ണൂർ, എറണാകുളം എന്നീ ജില്ലകളിലെ റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി ഒരു മാസത്തേക്കു കൂടി നിലനിർത്തണമെന്നും തിരുവനന്തപുരം ജില്ലയിലെ ലിസ്റ്റിന്റെ കാലാവധി ഒ.പി. 3859/86 എച്ച്-ൽ തീരുമാനമാകുംവരെ നില നിർത്തണമെന്നും കോടതി ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly